**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 879** **14-01-2021 - ൽ മറുപടിയ്ക്ക്**

**ചന്ദനമര ലേലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .എസ്. ശിവകുമാർ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കള്ളക്കടത്ത് സംഘങ്ങളിൽ നിന്നും മോഷ്ടാക്കളിൽ നിന്നും പിടിച്ചെടുക്കുന്ന ചന്ദനമരം കോടതി അനുമതിയോടെ ലേലം ചെയ്ത് വിൽക്കാറുണ്ടോ; | (എ) | ഉണ്ട്. കേരളത്തിലെ വനം ഡിവിഷനുകളിൽ വിവിധ കേസുകളിൽ പിടിച്ചെടുത്തതും കണ്ടുകെട്ടിയവയുമായ ചന്ദനം ബഹു. കോടതി അനുമതിയോടെ മറയൂർ ചന്ദന ഡിവിഷനിലെത്തിച്ച് ലേലം ചെയ്തു വിൽക്കുകയാണ് ചെയ്തുവരുന്നത്. |
| (ബി) | നിലവിൽ എത്ര ടൺ ചന്ദനമാണ് ഇപ്രകാരം കോടതി വിധി കാത്ത് സ്റ്റോങ് റൂമുകളിൽ സൂക്ഷിച്ചിട്ടുള്ളത്; | (ബി) | വിവിധ വനം ഡിവിഷനുകളിൽ 29.181 ടൺ ചന്ദനം, 2.62185 ടൺ പുറംവെട്ടും ചന്ദനചീളും, ഭാരം തിട്ടപ്പെടുത്താത്ത 12 ചന്ദനകഷണങ്ങൾ, 1/4 മെട്രിക് ടൺ ചന്ദനവിറക് എന്നിവ കോടതി ഉത്തരവ് കാത്ത് സൂക്ഷിച്ചിട്ടുണ്ട്. |
| (സി) | ചന്ദനം സൂക്ഷിക്കുന്നതിന് വനം വകുപ്പ് ആസ്ഥാനത്ത് സ്റ്റോങ് റൂം നിർമ്മിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ? | (സി) | നിലവിൽ വനം വകുപ്പ് ആസ്ഥാനത്തുള്ള സ്ട്രോംഗ് റൂമിൽ സ്ഥലസൗകര്യങ്ങൾ അപര്യാപ്തമാണ്. ആയതിനാൽ സുരക്ഷാ സംവിധാനങ്ങളും, സ്ഥലസൗകര്യവുമുള്ള ഒരു സ്ട്രോംഗ് റൂമിന്റെ നിർമ്മാണം വനം വകുപ്പാസ്ഥാനത്ത് നടന്നുവരുന്നുണ്ട്. ചന്ദനം സൂക്ഷിക്കുന്നതിനും വിൽപന നടത്തുന്നതിനുമുള്ള സൗകര്യങ്ങൾ മറയൂർ ചന്ദന ഡിപ്പോയിൽ നിലവിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ